# അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം

## (ഹാജർ. ശ്രീമതി പ്രീതി കെ എം. സെക്രട്ടറി )

വിഷയം : അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഗ്രാമസഭകളിൽ കോർഡിനേറ്റർമാരെ നിയമിക്കുന്നത് സംബന്ധിച്ച്

പരാമർശം : 1 അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 04/08/2026 തീയതിയിലെ 3(1) നമ്പർ തീരുമാനം

2. ജി. ഓ(എം.എസ്) Mo 72/2017/എൻ.എസ്.ജി.ഡി. തീയതി 29/03/2017

**ഉത്തരവ് നമ്പർ : എസ്. സി. 2 – 310373/2026 *തീയതി* 23-08-2026**

പരാമർശം 1 പ്രകാരം അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ 01/09/2026 തീയ്യതി മുതൽ ആരംഭിക്കുന്ന ഗ്രാമസഭകൾക്ക് താഴെപ്പറയുന്ന പ്രകാരം കോർഡിനേറ്റർമാരെ നിയമിച്ച് ഉത്തരവാകുന്നു.

ഇതുപ്രകാരം ചുമതലപ്പെടുത്തുന്ന കോർഡിനേറ്റർമാർക്ക് ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട ഓഫീസ് മേലധികാരികൾ നൽകേണ്ടതും ആയതനുസരിച്ച് ഗ്രാമസഭകളിൽ പങ്കെടുത്ത് സൂചന (2) പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കേണ്ടതുമാണ് . ഗ്രാമസഭ കോർഡിനേറ്റർ യോഗസമയത്തിന് 30 മിനിറ്റ് മുമ്പ് യോഗസ്ഥലത്ത് എത്തേണ്ടതും ഗ്രാമസഭ അംഗങ്ങളുടെ പേര്, വയസ്സ്, വിഭാഗം, ആൺ/പെൺ, ടെലഫോൺ നമ്പർ, ഒപ്പ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്. ഗ്രാമസഭയുടെ ക്വാറം ആകെ വോട്ടർമാരുടെ 10% ആണ്. ക്വാറം തികയാതെ ഗ്രാമസഭ ആരംഭിക്കേണ്ടതില്ല . നിശ്ചിത സമയത്ത് ക്വാറം ഇല്ല എങ്കിൽ ക്വാറം തികയുന്നതിന് 30 മിനുറ്റ് കാത്തുനിൽക്കാവുന്നതാണ്. കോർഡിനേറ്റർ യോഗത്തിൽ നടക്കുന്ന മുഴുവൻ സംഭവങ്ങളും മിനിട്സിൽ രേഖപ്പെടുത്തേണ്ടതും യോഗാവസാനം യോഗസ്ഥലത്ത് വച്ച് തന്നെ മിനിട്സ് പൂർത്തിയാക്കേണ്ടതും ഗ്രാമസഭയിൽ പങ്കെടുത്ത 15 പേരെ കൊണ്ട് മിനിട്സിന്റെ അവസാനം ഒപ്പ് വയ്പ്പിക്കേണ്ടതുമാണ്. ഗ്രാമസഭയോഗതീയതിക്ക് തൊട്ടുമുമ്പുള്ള പ്രവർത്തിദിവസം കോർഡിനേറ്റർ ഗ്രാമപഞ്ചായത്തിൽ ഓഫീസിൽ നിന്ന് ഗ്രാമസഭ മിനിടിസ് കൈപ്പറ്റേണ്ടതാണ്. ഏതെങ്കിലും കാരണവശാൽ കോർഡിനേറ്റർക്ക് ഗ്രാമസഭ ചുമതല നിർവ്വഹിക്കാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായാൽ ടി ഓഫീസിൽ നിന്നു തന്നെ പകരം സംവിധാനം ഒരുക്കേണ്ടതാണ് . മിനിട്സ് ബുക്ക് ക്ലോസ് ചെയ്ത് കോർഡിനേറ്ററുടെയും കൺവീനറുടെയും ഒപ്പ് രേഖപ്പെടുത്തി 2 ദിവസത്തിനുള്ളിൽ ഓഫീസിൽ എത്തിക്കേണ്ടതാണ്.

| വാർഡ് | തീയതിയും / സമയവും | സ്ഥലം | കോർഡിനേറ്റർമാരുടെ പേര് |
|---|---|---|---|
| 1 | 01/09/2026<br>02.00 PM | അതുർമൂഴി കമ്മ്യൂണിറ്റി ഹാൾ,<br>അതുർമൂഴി | ശ്രീമതി ശ്രീജ പി<br>ക്ലാർക്ക് അതിരപ്പിള്ളി<br>ഗ്രാമപഞ്ചായത്ത് |
| 2 | 01/09/2026<br>10.00 AM | വെട്ടിക്കുഴി ഡിവൈൻ ആർട്ടസ്<br>ക്ലബ് പരിസരം | ശ്രീമതി അഖിന എം എസ്<br>ക്ലാർക്ക് അതിരപ്പിള്ളി<br>ഗ്രാമപഞ്ചായത്ത് |
| 3 | 02/09/2026<br>10.00 AM | അതുർമൂഴി കമ്മ്യൂണിറ്റി ഹാൾ,<br>അതുർമൂഴി | ശ്രീ റോബിൻ ജോയ്<br>സീനിയർ ക്ലാർക്ക്<br>അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| 4 | 02/09/2026<br>02.00 PM | അതിരപ്പിള്ളി ശ്രീ ധർമ്മശാസ്താ ക്ഷേത്രം ഹാൾ, അതിരപ്പിള്ളി | ശ്രീ കൃഷ്ണകുമാർ എം സി<br>വി ഇ ഓ മലക്കപ്പാറ |
| 5 | 03/09/2026<br>10.00 AM | പഞ്ചായത്ത് ലൈബ്രറി ഹാൾ | ശ്രീമതി. അഞ്ചു<br>കൃഷി അസ്സിസ്റ്റന്റ്<br>കൃഷി ഓഫീസ് വെറ്റിലപ്പാറ |
| 6 | 03/09/2026<br>02.00 PM | മുണ്ടൻമാണി അംഗൻവാടി | ശ്രീമതി രമ്യ എ സുകുമാരൻ<br>വി ഇ ഓ വെറ്റിലപ്പാറ |
| 7 | 04/09/2026<br>02.00 PM | പിള്ളപ്പാറ അംഗൻവാടി | ശ്രീമതി സിന്ധു പി ആർ<br>സീനിയർ ക്ലാർക്ക്<br>അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് |
| 8 | 04/09/2026<br>04.00 PM | കമ്മ്യൂണിറ്റിഹാൾ കണ്ണൻകുഴി | ശ്രീ. മനോജ് എം എം<br>ജെ എച്ച് ഐ<br>പി എച്ച് സി വെറ്റിലപ്പാറ |
| 9 | 04/09/2026<br>10.00 AM | വി.എസ്.എസ് ഓഫീസ്<br>പുളിയിലപ്പാറ | ശ്രീമതി ഷെമിന ടി എസ്<br>ജെ എച്ച് ഐ<br>പി എച്ച് സി വെറ്റിലപ്പാറ |
| 10 | 05/09/2026<br>04.00 PM | മലക്കപ്പാറ പഞ്ചായത്ത്<br>കമ്മ്യൂണിറ്റിഹാൾ | ശ്രീ ഷിജാസ്<br>ജെ പി എച്ച് എൽ മലക്കപ്പാറ<br>പി എച്ച് സി സബ് സെന്റർ |
| 11 | 06/09/2026<br>12.00 PM | ലേബർ ക്ലബ് കടമറ്റം | ശ്രീ. മഹേഷ് എം<br>ജെ പി എച്ച് എൽ മലക്കപ്പാറ<br>പി എച്ച് സി സബ് സെന്റർ |
| 12 | 06/09/2026<br>11.00 AM | റേഷൻ കട പരിസരം<br>മലക്കപ്പാറ | ശ്രീ. ശ്രീജിത്ത് ബി<br>ക്ലാർക്ക് അതിരപ്പിള്ളി<br>ഗ്രാമപഞ്ചായത്ത് |
| 13 | 06/09/2026<br>02.00 PM | നടുപ്പെരട്ട് സ്കൂൾ<br>മലക്കപ്പാറ | ശ്രീ. മഹേഷ് എം<br>ജെ പി എച്ച് എൽ മലക്കപ്പാറ<br>പി എച്ച് സി സബ് സെന്റർ |
| 14 | 06/09/2026<br>09.00 AM | ലേബർ ക്ലബ്<br>മയിലാടുംപാറ | ശ്രീ ഷിജാസ്<br>ജെ പി എച്ച് എൽ മലക്കപ്പാറ<br>പി എച്ച് സി സബ് സെന്റർ |